# വൈറസിനെ വരുതിയിലാക്കാൻ വീഡിയോ പ്രദർശനമൊരുക്കി അധ്യാപകർ



കൊറോണ വൈറസിനെ തടയുന്നതിനായി പാലിക്കേണ്ട മുൻകരുതലുകളുടെ വീഡിയോ പ്രദർശനം മുഹമ്മദൻസ് എൽ.പി സ്കൂൾ അധ്യാപകർ സ്കൂളിന് സമീപത്തെ വീടുകളിൽ നടത്തുന്നു

**ആലപ്പുഴ** ► വീടുകളിൽ വീഡിയോ പ്രദർശനമൊരുക്കി ആലപ്പുഴ മുഹമ്മദൻസ് എൽ.പി. സ്കൂൾ അധ്യാപകർ. കൊറോണയെ തടയുന്നതിനായി പാലിക്കേണ്ട മുൻകരുതലുകളുടെ വീഡിയോപ്രദർശനവും ലഘുലേഖകളും സ്കൂളിനുസമീപത്തെ വീടുകളിൽ വിതരണം ചെയ്തു.

പൊതുവിദ്യാഭ്യാസവകുപ്പ് കൊറോണ വൈറസ് പടരുന്നത് തടയുന്നതിനായി പുറത്തിറക്കിയ വീഡിയോയാണ് പ്രദശിപ്പിച്ചത്.

സ്കൂൾ ഹെഡ്മിസ്ട്രസ് പി.കെ.ഷെമെയുടെ നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരായ കെ.കെ.ഉല്ലാസ്, മാർട്ടിൻ പ്രിൻസ്, സജി, ബിജി, സോന, ലെറ്റീഷ്യ, ഷെന്നി, സമീറ എന്നിവർ രണ്ട് ഗ്രൂപ്പുകളായിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.